# പോരൂർ ഗ്രാമപഞ്ചായത്ത്

## LSS MODEL EXAM 2020
## (PAPER I) MALAYALAM

Total score: 20

---

1- ഓണം വന്നാലും ഉണ്ണി പിറന്നാലും കോരന് കഞ്ഞി കുമ്പിളിൽ തന്നെ -ഈ പഴഞ്ചൊല്ല് സൂചിപ്പിക്കുന്നത്

a)ഓണം b) ദാരിദ്ര്യം c)ദയ d)സ്നേഹം

| |
|---|
| ഉത്തരം - |

2 'ഓരോരോ രാവും കുളിർമയേന്തും

ഓണനിലാവിനാലോളം തല്ലും '

ആരുടെ വരികൾ ?

a)ജി ശങ്കരക്കുറുപ്പ് b)ഇടപ്പള്ളി രാഘവൻപിള്ള c)സുഗതകുമാരി d)പാലാ നാരായണൻ നായർ

| |
|---|
| ഉത്തരം - |

3-താഴെ കൊടുത്തിട്ടുള്ളവയിൽ 'പാൽ' എന്ന് അർത്ഥം വരുന്ന പദം ഏത് ?

a)പയസ് b) വായസം c) ബാഹു d) ആസ്യം

| |
|---|
| ഉത്തരം |

4 താഴെ കൊടുത്തിട്ടുള്ളവയിൽ തെറ്റായ പദം ഏത്

a) മിഠായി b) പാണ്ഡവർ c) മന്ദസ്മിതം d) ധൃതരാഷ്ട്രർ

| |
|---|
| ഉത്തരം- |

5 -രാവണൻ എന്ന കഥാപാത്രത്തിന് കഥകളിയിൽ നൽകുന്ന വേഷം

a)ചുവപ്പ് b) താടി c) കരി d) പച്ച

| |
|---|
| ഉത്തരം- |

6- 'കുരുന്നില '- പിരിച്ചെഴുതുക

| |
|---|
| ............................+................... |

7 ഒറ്റപ്പദമാക്കുക '<u>ക്ഷോഭം വന്നവൻ</u>'

| |
|---|
| |

8 ശരിയായ ജോഡി

| | |
|---|---|
| കുഞ്ചൻനമ്പ്യാർ | ഭൂമിക്കൊരു ചരമഗീതം |
| വൈലോപ്പിള്ളി | കൃഷ്ണഗാഥ |
| ഇടശ്ശേരി | പൂതപ്പാട്ട് |
| നിത്യചൈതന്യയതി | ഭൈരവൻ തുടി |

ഉത്തരം-

9'വെള്ളമില്ലാത്ത ആഴിയിൽ ആളില്ലാത്ത വള്ളം' കടങ്കഥക്ക് ഉത്തരം എഴുതുക

ഉത്തരം-

10 ഒരു ദേശത്തിൻറെ കഥ എന്ന പുസ്തകം എഴുതിയതാര് ?

ഉത്തരം-

11 പ്രസംഗം തയ്യാറാക്കാം. (Mark 5)

'നല്ല ആരോഗ്യത്തിന് നല്ല ഭക്ഷണശീലം' എന്ന വിഷയത്തെക്കുറിച്ച് ഒരു പ്രസംഗം തയ്യാറാക്കുക.

(സൂചനകൾ: പഴയ ഭക്ഷണസംസ്കാരം ആരോഗ്യസംരക്ഷണത്തിന് ഉത്തമം-ഫാസ്റ്റ്ഫുഡ് സംസ്കാരം-വിരുദ്ധാഹാരങ്ങൾ-ആഹാരത്തിന് സമയക്രമം പാലിക്കൽ-സമീകൃതാഹാരം ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത)

12-

കേരളമേ നിന്റെയോമനപ്പേർ കേൾക്കെ
കോൾമയിർ കൊള്ളുന്നെന്നുള്ളമെന്നും
നീരാളപ്പച്ച വിരിച്ച വയലുകൾ
നീളെക്കിടക്കുമുൾനാടുകളും
വാരിളം പുല്ലണിക്കുന്നിൻ പുറങ്ങളും
നേരറ്റ നീരലർ പൊയ്കകളും
പൂത്തിരി കത്തിച്ച പാതിരാവും പിന്നെ
പൂത്തിരുവാതിരപ്പൂനിലാവും
മഞ്ഞക്കുറിയിട്ട മൂവന്തിവാനവും
മഞ്ഞു പുതച്ച പുലരികളും

(എസ്. കെ. പൊറ്റെക്കാട്)

കവിതയിൽ വിവരിച്ചിരിക്കുന്ന പ്രകൃതിദൃശ്യങ്ങൾ എന്തെല്ലാം? Score (1)

മഞ്ഞക്കുറിയിട്ട മൂവന്തിവാനം എന്ന പ്രയോഗം കൊണ്ട് ഉദ്ദേശിക്കുന്നതെന്താണ്?

Score(1)

ഈ കവിത നിങ്ങൾ എങ്ങനെ ആസ്വദിച്ചു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക. Score (3)

# PAPER I PART -B
# ENGLISH

**TOTAL SCORE :10**

---

**13-** Choose the odd one out
**(Cry, sob, weep, sing)**

Ans;


14 -<u>Read the following sentences and solve the puzzle.</u>
Little plants sleep in me.
Farmers sow me in their farm.
Water and sunlight ask me to rise.
Who am I ?

15-<u>Rearrange the given words and make meaningful sentences.</u>
**king / looked / The / at / the / children**

16- <u>Fill in the blanks with suitable letters</u>
A fat boy ..................on one of her boats

| | | | | | | |
|---|---|---|---|---|---|---|
| P | | | N | | | D |

17 **Describe a festival with the help of the word web given below** (score -3)



18 **<u>Add more lines</u>**

(score -3)

All children wish to fly like birds. Here are some wishes of a child.Add your own wishes .

I wish to fly
Fly so high
Among the clouds
like eagles fly

.........................................................

...........................................................

............................................................

.............................................................

---

# ***<u>PAPER- I (PART-C)</u>***

## ***<u>പൊതുവിജ്ഞാനം</u>***

<u>Total score:10</u>

19 -ISRO യുടെ ഇപ്പോഴത്തെ ചെയർമാൻ ആര്?

20-ഭൂമിക്ക് 20% ഓക്സിജൻ നൽകുന്ന കാട് ഈയിടെ കത്തിനശിച്ച ഏതാണ് ആ കാട്?

21-2019 ലെ എഴുത്തച്ഛൻ അവാർഡ് നേടിയ വ്യക്തിയുടെ തൂലികാനാമം താഴെ പറയുന്നവയിൽ ഏതാണ് ?

A.)വിലാസിനി B.)ആനന്ദ് C.)അക്കിത്തം D.)കാക്കനാടൻ

22-പാമ്പിൻ വിഷം ഏറ്റാൽ കുത്തിവയ്ക്കുന്ന മരുന്ന് ഏത്

a)റാബിസ് വാക്സിൻ b)ആന്റി വെനം c)പോളിയോ വാക്സിൻ

23-2000 രൂപ കറൻസിയിൽ ആലേഖനം ചെയ്തിരിക്കുന്ന ചിത്രം ഏത്

a)ഹിമാലയം b) മംഗൾയാൻ c) ചെങ്കോട്ട d) ഹംപി

24-ഐ ടി @ സ്കൂളിന്റെ പുതിയ പേര്?

a)കൈറ്റ് b) IT മിഷൻ c) ലിറ്റിൽ സ്കോളർ

25-സംസ്ഥാനന പട്ടികയിൽ നിന്നും പുറത്തു പോയ സംസ്ഥാനം ?

26-ഇന്ത്യയിലെ ആദ്യ സ്വകാര്യ തീവണ്ടി ഏത്?

27-കേരളത്തിൽ അവസാനം രൂപികരിച്ച ജില്ല ?

a)മലപ്പുറം b)കണ്ണൂർ c)കാസർഗോഡ് d)പാലക്കാട്

28) 2020 ലെ ഒളിമ്പിക്സിനു വേദിയാകുന്ന നഗരം

# PAPER II (PART A)

# പരിസര പഠനം

*ആകെ സ്കോർ 20*

---

1.ജലത്തിലും കരയിലുമായി ജീവചക്രം പൂർത്തിയാക്കുന്ന ജീവികൾക്ക് പറയുന്ന പേര് ?

2.വനവുമായി ബന്ധപ്പെട്ട ശരിയല്ലാത്ത പ്രസ്താവന ഏത് ?

a)വനം ഒരു ആവാസവ്യവസ്ഥയാണ്

b)വനനശീകരണം മൂലം ജീവികൾ വംശനാശ ഭീഷണിയുടെ വക്കിലാണ്

c)വനനശീകരണം മൂലം മഴയുടെ അളവിൽ കുറവ് വരുന്നില്ല

d)മണ്ണ് സംരക്ഷണത്തിൽ പ്രധാനപങ്ക് വനങ്ങൾക്കാണ്

3.താഴെ കൊടുത്ത തെറ്റായ ജോഡി ഏത്

a)ആര്യവേപ്പ് - തായ്‌വേര്

b)പുളിയില - ജാലികാ സിരാ വിന്യാസം

c)കീഴാർനെല്ലി -തായ്‌വേര്

d)ആവണക്ക് - സമാന്തര സിരാവിന്യാസം

4.വിദേശ വസ്ത്രങ്ങൾ ബഹിഷ്കരിക്കുക എന്ന് ഗാന്ധിജി ആഹ്വാനം ചെയ്തത് ഏത് സമരത്തിന് ഭാഗമായിട്ടാണ്

5.വിട്ട ഭാഗം പൂരിപ്പിക്കുക

| | |
|---|---|
| രാഷ്ട്രപിതാവ് | മഹാത്മാഗാന്ധി |
| രാഷ്ട്ര ശില്പി | നെഹ്‌റു |
| ഭരണഘടനാ ശില്പി | ..................... |

6.കൂട്ടത്തിൽ ചേരാത്തത് കണ്ടെത്തുക ?

a)നാഗമോഹൻ b) മഞ്ഞക്കിളി c) ആനറാഞ്ചി d) ആർട്ടിക് ടേൺ

7 തച്ചോളി ഒതേനൻ ആരോമൽ ചേകവർ തുമ്പോലാർച്ച ഉണ്ണിയാർച്ച എന്നിവരുടെ വീരകഥകൾ പരാമർശിക്കുന്ന പാട്ടുകൾ

8.ഗ്രഹങ്ങളെ വലംവയ്ക്കുന്ന ആകാശഗോളങ്ങൾക്ക് പറയുന്ന പേര്?

9.കൊടുത്തവയിൽ ഐസ് സാവധാനം ഉരുകുന്നത്

a)ചൂടു വെള്ളത്തിൽ ഇട്ടാൽ

b)ഒഴിഞ്ഞ ഗ്ലാസ്സിൽ ഇട്ടാൽ

c)അറക്കപ്പൊടിയിട്ട പാത്രത്തിൽ ഇട്ടാൽ

d)മണൽ നിറച്ച പാത്രത്തിൽ ഇട്ടാൽ

10.ലോകത്തിലെ എല്ലാ ഭാഗങ്ങളിലുമുള്ള കമ്പ്യൂട്ടറുകളെ തമ്മിൽ ബന്ധിപ്പിച്ച് വിവരങ്ങൾ കൈമാറാനുള്ള സംവിധാനം ?

a)ടെലിഫോൺ b)വാക്കിടോക്കി c)ഇൻറർനെറ്റ് d)ഫാക്സ്

11.a) സ്കൂൾ കലോത്സവത്തിൽ തെയ്യം, ഓട്ടൻ തുള്ളൽ, കഥകളി, നാദസ്വരം, പഞ്ചവാദ്യം, കോൽക്കളി, പൂരക്കളി, ചെണ്ട, ശാസ്ത്രീയ സംഗീതം, സോപാനസംഗീതം,ചാക്യാർകൂത്ത്, കൂടിയാട്ടം, മാർഗം കളി, ദഫ്മുട്ട്, അറബനമുട്ട്, തിരുവാതിരക്കളി, ഒപ്പന, പരിചമുട്ടുകളി തുടങ്ങിയവയെല്ലാമുണ്ട് ഈ കലാരൂപങ്ങളെ തരംതിരിക്കാമോ? Score (2)

| | |
|---|---|
| | |
| | |

b)മുകളിൽ കൊടുത്തിട്ടുള്ള ഏതെങ്കിലും കലാരൂപത്തെ കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക

| |
|---|
| |

12.a)പട്ടികയിൽ നിന്ന് തെരഞ്ഞെടുത്ത് സംഭവങ്ങളെ ക്രമീകരിക്കുക.. (Score 3)

| ക്വിറ്റ് ഇന്ത്യ | ജാലിയൻവാലാബാഗ് സംഭവം | ഉപ്പ് സത്യാഗ്രഹം |
|---|---|---|

- 1919 ഏപ്രിൽ 13 ന് നടന്നു
- സബർമതി ആശ്രമത്തിൽ നിന്നും ആരംഭിച്ചു
- മുംബൈയിൽ വെച്ച് നടന്ന കോൺഗ്രസ് സമ്മേളനം
- നികുതി ചുമത്തിയതിനെതിരെയുള്ള സമരം
- ജനറൽ ഡയറിന്റെ ഉത്തരവ്
- 1942 ആഗസ്റ്റ് 09 ന് അവതരിപ്പിച്ചു
- 1930 മാർച്ച് 12 തുടക്കമിട്ടു
- പഞ്ചാബിലെ അമൃതസർ
- പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക

Score (3)

| | | |
|---|---|---|
| | | |

b)സമയരേഖ പൂർത്തിയാക്കുക Score (2)


| | |
|---|---|
| | ചമ്പാരൻ സമരം |
| 1919 | |
| | വാഗൺ ട്രാജഡി |
| 1942 | |

---

# PAPER II PART -2
# ഗണിതം

*ആകെ സ്കോർ 20*

---




ഈ ചിത്രം പരിശോധിക്കൂ മുകളിൽ തന്നിരിക്കുന്ന ചതുരാകൃതിയായ കൃഷിയിടത്തിന്റെ മധ്യത്തിലായി ഒരു കുളമുണ്ട്. ഈ കുളത്തിനും കൃഷി സ്ഥലത്തിനും ചുറ്റുമതിൽ പണിയണം. കൃഷിയിടത്തിന്റെ ചുറ്റളവിന്റെ പകുതിയാണ് കുളത്തിന്റെ ചുറ്റളവ്.

A. കുളത്തിന്റെ ചുറ്റളവ് എത്ര? Score (1)

B.ഈ കുളത്തിന് ചുറ്റുമതിൽ നിർമ്മിക്കാൻ 20 സെൻറീമീറ്റർ നീളമുള്ള ഇഷ്ടികയാണ് ഉപയോഗിക്കുന്നത് എങ്കിൽ കുളത്തിനു ചുറ്റും ഒരു വരി ഇഷ്ടിക കെട്ടാൻ എത്ര ഇഷ്ടികകൾ വേണ്ടി വരും? Score (1)

C.കൃഷി സ്ഥലത്തിനു ചുറ്റും രണ്ടുമീറ്റർ അകലത്തിൽ കാലുകൾ നാട്ടാൻ എത്ര കാലുകൾ വേണ്ടിവരും? Score (1)

D. കൃഷി സ്ഥലത്തിന്ന് ഒരു കമ്പിവേലി കെട്ടാൻ ഒരു മീറ്റർ കമ്പിക്ക് 20 രൂപ ആകും എങ്കിൽ 3 വരി വേലി കെട്ടാൻ എത്ര രൂപ വേണ്ടി വരും? Score (2)

2.150 രൂപ മൂന്നുപേർ വീതിച്ചെടുത്തു ഒരാൾക്ക് മറ്റു രണ്ടുപേരെക്കാളും 6 രൂപ കൂടുതൽ കിട്ടി എന്നാൽ രണ്ട് പേർക്ക് എത്ര വീതമാണ് കിട്ടിയത് Score (1)

3.ഒരേ അകലത്തിൽ തറയിൽ ആറ് കുറ്റികൾ നാട്ടിയിട്ടുണ്ട്. ഒന്നാമത്തേതിൽ നിന്നും മൂന്നാമത്തെ കുറ്റിയിലേക്ക് 80 മീറ്റർ അകലമുണ്ട് ഒന്നാമത്തേതിൽ നിന്നും ആറാമത്തെ കുറ്റിയിലേക്ക് എത്ര മീറ്റർ അകലമുണ്ട്? Score (1)

4 11:05 pm ന് കോട്ടയത്തു നിന്ന് പുറപ്പെട്ട ബസ് 8 മണിക്കൂർ 15 മിനിറ്റ് കൊണ്ട് കോഴിക്കോട് എത്തി എത്തിച്ചേർന്ന സമയം ഏത് ? Score (1)

5.മണക്കാട് ഗവ എൽ പി സ്കൂളിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ ക്യാമ്പ് പ്രവർത്തിക്കുന്നതിനാൽ ജൂലൈ 25 ആം തീയതി മുതൽ ഒരാഴ്ചയും 4 ദിവസവും അവധി ആയിരുന്നു എങ്കിൽ സ്കൂൾ തുറക്കുന്നത് എന്ന് ? Score (1)

6.150 എന്നത് റോമൻ അക്കത്തിൽ എഴുതിയാൽ Score (1)

a) CXXXXX , b) LLL, c) CL ,d) LC

7 സലീന ജനിച്ചത് 2009 ലാണ് സലീനയുടെ പിതാവിന്സെലീനയെക്കാൾ 27 വയസ്സ് കൂടുതലാണ് എങ്കിൽ ഏത് വർഷമാണ് സലീനയുടെ പിതാവ് ജനിച്ചത് ? Score (1)

8 720 നേക്കാൾ എത്ര കുറവാണ് 9 ×72 Score (1)

9 ഒരു കിലോഗ്രാം കടുക് 10 തുല്യ പാക്കറ്റുകൾ ആക്കി എങ്കിൽ ഒരു പാക്കറ്റിലെ കടുകിന്റെ തൂക്കം എത്ര? Score (1)

10 ഒരു പേനക്കും പെൻസിലിനും കൂടി 18 രൂപ പേനക്ക് പെൻസിലിനേക്കാൾ 4 രൂപ കൂടുതലാണ് എങ്കിൽ പേനയുടെ വിലയെത്ര ? Score (1)

11 5500 ന തുല്യമല്ലാത്തത് ഏത് Score (1)

a) 2800+2700,b)1100×5 ,c) 11×500 ,d) 7000 – 3500

12.രാഘവൻ കൃഷിക്കാരനാണ്. അയാൾ 50000 രൂപ ബാങ്കിൽ നിന്ന് ലോൺ എടുത്ത് കൃഷി തുടങ്ങി. ആദ്യത്തെ തവണ കുരുമുളക് വിളവെട്ടപ്പിന് 5 പണിക്കാർ 15 ദിവസം പണി ചെയ്തു. 500 രൂപയാണ് ഒരാൾക്ക് കൂലി . കുരുമുളക് വള്ളി , കീടാനാശിനി എന്നിവയ്ക്കായി 3000 രൂപ ചെലവായി. കൂടാതെ കയ്പക്ക കൃഷിക്കായി ഈ പണിക്കാർ 4 ദിവസവും പണിയെടുത്തു.രാഘവന് കയ്പക്ക് വിത്തിനായി 934 രൂപയും ചെലവായി.

Score (5)

a)കുരുമുളക് കൃഷിക്കായി രാഘവന് വന്ന ചെലവെത്ര?

b) കയ്പ്പക്ക കൃഷിക്കായി ആകെ ചെലവ് എത്ര?

c)ലോൺ എടുത്ത തുക തികയുമോ? ഇല്ലെങ്കിൽ രാഘവൻ എത്ര രൂപ കൂടി കണ്ടെത്തണം?

# ഉത്തരസൂചിക

## മലയാളം

1- b
2 - b
3- a
4- b
5 -c
6 - കുരുന്ന് + ഇല
**7 -ക്ഷോഭിതൻ**
**8- ഇടശ്ശേരി - പൂതപ്പാട്ട്**
**9 ചന്ദ്രൻ**
**10 എസ് കെ പൊറ്റക്കാട്**

**ENGLISH**

13 -Sing
14- seed
15 -The king looked at the children
16 -pounced

GK

1 ഡോക്ടർ കെ ശിവൻ

2 ആമസോൺ കാട്ടുകൾ

3 അക്കിത്തം

4 ആൻറി വെനം

5 മംഗൾയാൻ

6 കൈറ്റ്

7 ജമ്മു കാശ്മീർ

8 തേജസ്

9 കാസർഗോഡ്

10 ടോക്കിയോ

## പരിസര പഠനം

1-ഉഭയജീവി

2 -C
3-D

4-നിസ്സഹകരണ സമരം

5-ഡോക്ടർ ബി ആർ അംബേദ്കർ

6-ആനറാഞ്ചി

7-വടക്കൻപാട്ട്

8-ഉപഗ്രഹങ്ങൾ

9 C
10-ഇൻറർനെറ്റ്

ഗണിതം

1-A- 130
B -650
C 130
D 15600

2-48
3 200
4 7:20 am
5 august 5
6 CL
7 1982
8 72
9 100
10-11
11 d
12-ലോൺ എടുത്തത് 50000 രൂപ

ഒരാളുടെ കൂലി -500

ഒരു ദിവസത്തെ കൂലി -500 ×5= 2500

15 ദിവസത്തെ കൂലി 2500 ×15=37500

വള്ളി കീടനാശിനി ചെലവ് = 3000

കുരുമുളക് കൃഷിക്ക് ആകെ ചെലവ് = 37500+ 3000 = 40500

കൈപ്പ വിത്തിന്റെ വില = 934

ഒരു ദിവസത്തെ കൂലി 500 X 5 = 2500

4 ദിവസത്തെ കൂലി 2500 x 4 = 10000

കൈപ്പ ആകെ ചെലവ് 10000 +934 = 10934

ആകെ ചെലവ് 40500+10934 = 51434

ലോൺ തികയില്ല

ഇനി വേണ്ട സംഖ്യ = 5 1434-50000 = 1434